**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4338** **28-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ലഭ്യമാകുന്ന പ്രതിദിന വൈദ്യുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലവൈദ്യുതിക്ക് പുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റാണെന്ന് വിശദമാക്കുമോ ; | (എ) | 2021 ഒക്ടോബർ മാസം 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ജല വൈദ്യുതിക്ക പുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റാടിപാടങ്ങൾ, സൗരോർജ്ജ നിലയങ്ങൾ എന്നിവയിൽ നിന്നുള്ള പ്രതിദിന ശരാശരി വൈദ്യുതി ഉല്പാദനം യഥാക്രമം 0.3378 ദശലക്ഷം യൂണിറ്റ്, 0.5762 ദശലക്ഷം യൂണിറ്റ് എന്നിങ്ങനെയാണ്. സംസ്ഥാനത്ത് വീടുകളിലും, സ്ഥാപനങ്ങളിലുമായി ആകെ 16.238 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകളാണ് (ബാറ്ററി സംഭരണ സംവിധാനം ഉള്ളത് - കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധമില്ലാത്തത്) വിവിധ പദ്ധതികളിലൂടെ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ നിന്നും ഏകദേശം 50,000 യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള 1.55 മെഗാവാട്ട് ശേഷിയുള്ള ബയോമാസ്സ് കോ-ജനറേഷൻ പ്ലാന്റിൽ നിന്ന് ഏകദേശം 30,000 യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇപ്പോൾ പ്രതിദിനം സംസ്ഥാനം വാങ്ങുന്നത്; ഇതിൽ വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ് ; | (ബി) | 2021 ഒക്ടോബർ മാസം 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വാങ്ങിയ വൈദ്യുതി (ഒക്ടോബർ മാസത്തെ പ്രതിദിന ശരാശരി) 41.6 ദശലക്ഷം യൂണിറ്റ് ആണ്. വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്രനിലയങ്ങളിൽ നിന്ന് ഏകദേശം 26.08 ദശലക്ഷം യൂണിറ്റ് (പ്രതിദിന ശരാശരി) വാങ്ങിയിട്ടുണ്ട്. |
| (സി) | സ്വകാര്യ മേഖലയിൽ നിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ; സംസ്ഥാനത്തിന് പുറത്തുനിന്നും | (സി) | ഉണ്ട്. 2021 ഒക്ടോബർ മാസം 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ ഉല്പാദകരിൽ നിന്നും ഏകദേശം |

| | | | |
|---|---|---|---|
| | ആഭ്യന്തരമായും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങുന്നത്; വ്യക്തമാക്കാമോ? | | 15.53 ദശലക്ഷം യൂണിറ്റും (ഒക്ടോബർ മാസത്തെ പ്രതിദിന ശരാശരി) ആഭ്യന്തര ഉല്പാദകരിൽ നിന്നും ഏകദേശം 1.23 ദശലക്ഷം യൂണിറ്റും വൈദ്യുതി (ഒക്ടോബർ മാസത്തെ പ്രതിദിന ശരാശരി) വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ